2026
APRIL
08
WEDNESDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# തിരഞ്ഞെടുപ്പ് : ജില്ലയിൽ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തി

**കൊച്ചി:** നിയമസഭാ തിരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ എറണാകുളം ജില്ലയിൽ ഭാരതീയ നാഗരിക് സുരക്ഷാ സംഹിത (BNSS) സെക്ഷൻ 163 പ്രകാരം കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. പരസ്യപ്രചാരണം അവസാനിച്ചതു മുതൽ വോട്ടെടുപ്പ് അവസാനിക്കുന്ന 9-ാം തീയതി വൈകിട്ട് 6 വരെയാണ് നിയന്ത്രണങ്ങൾ പ്രാബല്യത്തിലുള്ളത്. സ്വതന്ത്രവും നീതിപൂർവ്വവുമായ തിരഞ്ഞെടുപ്പ് ഉറപ്പാക്കുന്നതിനാണ് ഈ നിയന്ത്രണങ്ങൾ എന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ ജില്ലാ കളക്ടർ ജി പ്രിയങ്ക ഉത്തരവിൽ അറിയിച്ചു.

പരസ്യമായ പ്രചാരണ പ്രവർത്തനങ്ങൾ, പൊതുയോഗങ്ങൾ, പ്രകടനങ്ങൾ എന്നിവ നടത്തുവാൻ പാടില്ല. എന്നാൽ വീടുകൾ കയറിയുള്ള പ്രചാരണത്തിന് തടസ്സമുണ്ടായിരിക്കുകയില്ലെന്നും അറിയിച്ചു. സോഷ്യൽ മീഡിയ ഉൾപ്പെടെയുള്ള ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ തിരഞ്ഞെടുപ്പ് സംബന്ധിയായ കാര്യങ്ങളോ, അഭിപ്രായ സർവേ ഫലങ്ങളോ പ്രദർശിപ്പിക്കാൻ പാടുള്ളതല്ലെന്നും മണ്ഡലത്തിലെ വോട്ടർമാരല്ലാത്ത രാഷ്ട്രീയ പ്രവർത്തകരും പ്രചാരണത്തിനായി എത്തിയവരും മണ്ഡലം വിട്ടു പോകേണ്ടതാണെന്നും കളക്ടർ അറിയിച്ചു.

വാഹനങ്ങളിൽ ഘടിപ്പിച്ചതോ അല്ലാത്തതോ ആയ ഒരുവിധ ഉച്ചഭാഷിണികളും ഉപയോഗിക്കാൻ പാടുള്ളതല്ല. പോളിംഗ് സ്റ്റേഷന്റെ 100 മീറ്റർ ചുറ്റളവിൽ തിരഞ്ഞെടുപ്പ് ബൂത്തുകളോ പ്രചാരണങ്ങളോ അനുവദിക്കില്ലായെന്നും ഒരു സ്ഥാനാർത്ഥിക്ക് ഒരു പോളിംഗ് സ്റ്റേഷൻ പരിധിയിൽ ഒരു ബൂത്ത് മാത്രമേ അനുവദിക്കുകയുള്ളുവെന്നും കളക്ടർ നിർദേശം നൽകി.

പോളിംഗ് സ്റ്റേഷനിലോ പരിസരത്തോ ആയുധങ്ങൾ കൈവശം വയ്ക്കുന്നതും പ്രദർശിപ്പിക്കുന്നതും കർശനമായി നിരോധിച്ചിട്ടുണ്ട്. നിരീക്ഷകർക്കും തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥർക്കും ഒഴികെ മറ്റാർക്കും പോളിംഗ് സ്റ്റേഷനുകളിൽ മൊബൈൽ ഫോണോ മറ്റ് വയർലെസ് സെറ്റുകളോ ഉപയോഗിക്കാൻ അനുവാദമുണ്ടായിരിക്കുകയില്ല.

ജനങ്ങളുടെ ദൈനംദിന ആവശ്യങ്ങൾക്കോ, വിവാഹം, മരണം തുടങ്ങിയ സ്വകാര്യ ചടങ്ങുകൾക്കോ ഈ ഉത്തരവ് തടസ്സമാകില്ല.

എന്നാൽ ഇത്തരം ഒത്തുചേരലുകൾ നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കോ സമാധാന ലംഘനത്തിനോ കാരണമാകാൻ പാടില്ലെന്ന് ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്. ഉത്തരവ് ലംഘിക്കുന്നവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുമെന്നും വോട്ടെടുപ്പ് സാമഗ്രികൾ സുരക്ഷിതമായി ശേഖരണ കേന്ദ്രങ്ങളിൽ എത്തിക്കുന്നതുവരെ നിയന്ത്രണങ്ങൾ തുടരുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

## നിയമസഭാ തിരഞ്ഞെടുപ്പ്: മൂന്നാംഘട്ട റാൻഡമൈസേഷൻ പൂർത്തിയായി

**കൊച്ചി:** നിയമസഭാ തിരഞ്ഞെടുപ്പിനുള്ള ഉദ്യോഗസ്ഥരുടെ വിന്യാസവുമായി ബന്ധപ്പെട്ട നിർണ്ണായക മൂന്നാം ഘട്ട റാൻഡമൈസേഷൻ നടപടികൾ പൂർത്തിയായതായി ജില്ലാ കളക്ടർ അറിയിച്ചു. ജില്ലയിലെ 3,149 പോളിങ് സ്റ്റേഷനുകളിലേക്കായി ആകെ 15,148 ഉദ്യോഗസ്ഥരെയാണ് വിവിധ പോളിങ് ഡ്യൂട്ടികൾക്കായി അന്തിമമായി നിയോഗിച്ചിരിക്കുന്നത്.



പ്രിസൈഡിംഗ് ഓഫീസർമാർ: 3,787 പേർ, ഫസ്റ്റ് പോളിങ് ഓഫീസർമാർ: 3,787 പേർ, പോളിങ് ഓഫീസർമാർ: 7,574 പേർ, ആകെ പോളിങ് ഉദ്യോഗസ്ഥർ: 15,148 പേർ എന്നിങ്ങനെയാണ് നിയോഗിച്ചിരിക്കുന്നത്. റിസർവ് ഉദ്യോഗസ്ഥർ: അപ്രതീക്ഷിത സാഹചര്യങ്ങൾ നേരിടുന്നതിനായി 20% ഉദ്യോഗസ്ഥരെ റിസർവ് വിഭാഗത്തിൽ നിലനിർത്തിയിട്ടുണ്ട്.

കാക്കനാട് സിവിൽ സ്റ്റേഷനിലെ ജില്ലാ കളക്ടറുടെ ചേംബറിൽ തിരഞ്ഞെടുപ്പ് ഒബ്സർവർമാരുടെ സാന്നിധ്യത്തിലാണ് മൂന്നാം ഘട്ട റാൻഡമൈസേഷൻ നടപടികൾ നടന്നത്. ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ടവരിൽ ഭൂരിഭാഗവും വനിതകളാണ്. 10,748 വനിതാ ഉദ്യോഗസ്ഥരും 4,400 പുരുഷ ഉദ്യോഗസ്ഥരുമാണ് പട്ടികയിലുള്ളത്. ജില്ലയിൽ 14 പോളിങ് സ്റ്റേഷനുകൾ പൂർണ്ണമായും വനിതാ ഉദ്യോഗസ്ഥർ നിയന്ത്രിക്കും.

## നിയമസഭാ തിരഞ്ഞെടുപ്പ് വീക്ഷിക്കാൻ അന്താരാഷ്ട്ര പ്രതിനിധി സംഘം ഇന്ന് ജില്ലയിൽ

**കൊച്ചി:** ജില്ലയിലെ തിരഞ്ഞെടുപ്പ് പ്രക്രിയ നേരിട്ട് കണ്ട് മനസ്സിലാക്കാൻ അന്താരാഷ്ട്ര പ്രതിനിധി സംഘം. ഇന്ന് കൊച്ചിൻ അന്താരാഷ്ട്ര വിമാനത്താവളത്തിൽ എത്തുന്ന പ്രതിനിധി സംഘം ജില്ലയിലെ വോട്ടെടുപ്പ് സാമഗ്രികളുടെ സ്വീകരണ വിതരണ കേന്ദ്രങ്ങളും, കാക്കനാട് സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന വെബ് കാസ്റ്റിംഗ് കൺട്രോൾ റൂമും, മീഡിയ സർട്ടിഫിക്കേഷൻ ആൻഡ് മോണിറ്ററിംഗ് സെല്ലും സന്ദർശിക്കും.

എസ്റ്റോണിയ, ജോർജിയ, ഫിജി, കെനിയ, നമീബിയ എന്നീ രാജ്യങ്ങളിലെ പ്രതിനിധികൾ അടങ്ങുന്ന സംഘം വോട്ടെടുപ്പ് ദിവസം വിവിധ പോളിങ് സ്റ്റേഷനുകൾ സന്ദർശിക്കും.

## പോളിങ് സാമഗ്രികളുടെ വിതരണം ഇന്ന് രാവിലെ എട്ടിന് തുടങ്ങും

**കൊച്ചി:** നാളെ നടക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി പോളിങ് സാമഗ്രികളുടെ വിതരണം ജില്ലയിലെ 14 വിതരണ കേന്ദ്രങ്ങളിൽ ഇന്ന് രാവിലെ എട്ടിന് ആരംഭിക്കും.

ജില്ലയിലെ 14 നിയോജക മണ്ഡലങ്ങളിലേക്കുമുള്ള ഉദ്യോഗസ്ഥർ നിശ്ചയിക്കപ്പെട്ട വിതരണ കേന്ദ്രങ്ങളിൽ രാവിലെ തന്നെ എത്തിച്ചേരേണ്ടതാണെന്ന് അറിയിച്ചു. വോട്ടിംഗ് യന്ത്രങ്ങൾ , വിവിപാറ്റ് മെഷീനുകൾ, മറ്റ് അനുബന്ധ രേഖകൾ എന്നിവ വിതരണ കേന്ദ്രങ്ങളിൽ നിന്ന് ഏറ്റുവാങ്ങി ഉദ്യോഗസ്ഥർ അതത് പോളിങ് സ്റ്റേഷനുകളിലേക്ക് തിരിക്കുകയും വേണം. പോളിംഗ് ഉദ്യോഗസ്ഥർക്ക് വിതരണ കേന്ദ്രങ്ങളിലേക്ക് എത്തുന്നതിനായി കെ.എസ്.ആർ.ടി.സി ഉൾപ്പെടെയുള്ള വാഹന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വിതരണ കേന്ദ്രങ്ങളിൽ ഉദ്യോഗസ്ഥർക്കായി പ്രത്യേക ഹെൽപ്പ് ഡെസ്കുകളും ക്രമീകരിച്ചിട്ടുള്ളതായും അറിയിച്ചു.

## എൽ.പി.ജി. വിതരണം: പരിശോധന ഊർജിതമാക്കി

**തിരുവനന്തപുരം:** എൽ.പി.ജി. വിതരണത്തിൽ സംസ്ഥാനത്ത് വിവിധ തലങ്ങളിലുള്ള പരിശോധനകൾ ഊർജ്ജിതമായി നടന്നുവരുന്നതായി സിവിൽ സപ്ലൈസ് കമ്മീഷണർ അറിയിച്ചു. മദ്ധ്യ പൂർവേഷ്യയിലെ യുദ്ധ സാഹചര്യത്തിന്റെ പശ്ചാത്തലത്തിൽ എൽ.പി.ജി വിതരണവുമായി ബന്ധപ്പെട്ട് രാജ്യവ്യാപകമായി നിലനിൽക്കുന്ന നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിലാണ് പരിശോധന നടത്തുന്നത്.

സംസ്ഥാനത്ത് വിവിധ താലൂക്കുകളിലെ ഗ്യാസ് ഏജൻസികളിലായി 1113 പരിശോധനകളും, ഹോട്ടലുകളും റെസ്റ്റോറന്റുകളും കേന്ദ്രീകരിച്ച് 5809 പരിശോധനകളും നടത്തിയതിന്റെ ഭാഗമായി 251 എൽ.പി.ജി സിലിണ്ടറുകൾ പിടിച്ചെടുത്തിട്ടുണ്ട്.

സ്പെഷ്യൽ സ്ക്വാഡിന്റെ പരിശോധനയുടെ ഭാഗമായി 71 എൽ.പി.ജി സിലിണ്ടറുകളും പിടിച്ചെടുത്തിട്ടുള്ളതായി സിവിൽ സപ്ലൈസ് കമ്മീഷണർ അറിയിച്ചു. എൽ.പി.ജി മേഖലയിലും പെട്രോളിയം ഉത്പന്ന മേഖലയിലും അവശ്യസാധന മേഖലകളിലും ഉണ്ടാകുന്ന അനാരോഗ്യകരമായ വിപണന രീതികൾ, കരിഞ്ചന്ത, പൂഴ്ത്തിവെപ്പ് എന്നിവ തടയുന്നതിനായുള്ള പരിശോധനകൾ ശക്തമാക്കുന്നതിന്റെ ഭാഗമായി സർക്കാർ നിർദ്ദേശ പ്രകാരമാണ് സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ചത്.

## ഇന്നത്തെ പരിപാടി

### കൊച്ചി

■ **പനമ്പിള്ളി നഗർ-ചൈൽഡ് കെയർ സെന്റർ :** പഠന നിർണയ-നിവാരണ ക്യാമ്പ് 6 മുതൽ 13 വയസ്സുവരെയുള്ള കുട്ടികൾക്കായി രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 ന്

### കാലടി

■ **കാഞ്ഞൂർ സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ :** കാഞ്ഞൂർ മരിയൻ ഫുട്ബോൾ അക്കാദമി സംഘടിപ്പിക്കുന്ന അവധിക്കാല ഫുട്ബോൾ പരിശീലനക്യാമ്പ് രാവിലെ 6.30 മുതൽ.

### ചേരാനല്ലൂർ

■ **ഇടയക്കുന്നം പാർത്ഥസാരഥി ക്ഷേത്രം :** ഉത്സവം - ഉച്ചയ്ക്ക് 12.30 ന് അന്നദാനം, രാത്രി 7 മണി മുതൽ തിരുവാതിരകളി, തലാംവരവ്, വിളക്കിനെഴുന്നള്ളിപ്പ്.

### പെരുമ്പാവൂർ

■ **ശ്രീധർമ്മശാസ്താ ക്ഷേത്രം** : തിരുവുത്സവം- വൈകിട്ട് 6 മുതൽ

### പെരുമ്പാവൂർ

■ **കൈലാസം വെൽനസ് പാർക്ക് :** തിരുവൈരാണിക്കുളം ഫെസ്റ്റ് വൈകിട്ട് 6.30 മുതൽ രാത്രി 10 വരെ.

# നിയമസഭാ തിരഞ്ഞെടുപ്പ് : ശരിയായി വോട്ട് രേഖപ്പെടുത്താം




**കൊച്ചി:** നിയമസഭാ തിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്താൻ പോളിങ് ബൂത്തിലെത്തുമ്പോഴുള്ള സംശയങ്ങൾ സ്വാഭാവികമാണ്. ഇനി സംശയങ്ങൾ ഇല്ലാതെ വോട്ട് രേഖപ്പെടുത്താം.

**വോട്ട് ചെയ്യാൻ തയ്യാറാണ്**
വോട്ടിംഗ് കമ്പാർട്ട്മെന്റിന് മുന്നിൽ എത്തുമ്പോൾ മൂന്നാം പോളിംഗ് ഓഫീസർ ബാലറ്റ് യുണിറ്റ് വോട്ടിങ്ങിന് സജ്ജമാക്കും. അപ്പോൾ ബാലറ്റ് യൂണിറ്റിലെ 'റെഡി' ലൈറ്റ് പ്രകാശിക്കും.

**താങ്കളുടെ വോട്ട് രേഖപ്പെടുത്തുക**
ബാലറ്റ് യൂണിറ്റിൽ നിങ്ങൾ തിരഞ്ഞെടുത്ത സ്ഥാനാർത്ഥിയുടെ പേരിന്റെയും ചിഹ്നത്തിന്റെയും നേരെയുള്ളതോ നോട്ടക്ക് നേരെയുള്ളതോ ആയ നീല ബട്ടണിൽ അമർത്തി വോട്ട് ചെയ്യാം.

**ലൈറ്റ് കാണുക**
ബട്ടൺ അമർത്തിയ സ്ഥാനാർത്ഥിയുടെ പേരിനോ ചിഹ്നത്തിനോ നോട്ടക്ക് നേരെയുള്ളതോ ആയ ചുവന്ന ലൈറ്റ് പ്രകാശിക്കും.

**വോട്ട് പരിശോധിച്ച് ഉറപ്പാക്കുക**
തിരഞ്ഞെടുത്ത സ്ഥാനാർത്ഥിയുടെയോ നോട്ടയുടെയോ ക്രമനമ്പർ, പേര്, ചിഹ്നം എന്നിവ അടങ്ങിയ ബാലറ്റ് സ്ലിപ്പ് വിവിപാറ്റ് പ്രിന്റ് ചെയ്യുകയും പ്രദർശിപ്പിക്കുകയും ചെയ്യും. ഏഴ് സെക്കൻഡ് സമയത്തേക്ക് ഗ്ലാസിലൂടെ സ്ലിപ്പ് കാണാൻ സാധിക്കും. പ്രിന്റ് ചെയ്ത സ്ലിപ്പ് വിവിപാറ്റിൽ സുരക്ഷിതമായിരിക്കും.

**ബീപ്പ് ശബ്ദം കേൾക്കുക**

കൺട്രോൾ യുണിറ്റിൽ നിന്നുള്ള 'ബീപ്പ് ശബ്ദം കേട്ടാൽ വോട്ട് വിജയകരമായി രേഖപ്പെടുത്തി എന്ന് ഉറപ്പുവരുത്താം. വിവിപാറ്റിൽ ബാലറ്റ് സ്ലിപ്പ് കാണാതിരിക്കുകയോ ഉയർന്ന ശബ്ദത്തിൽ ഉള്ള 'ബീപ്പ് ശബ്ദം കേൾക്കാതിരിക്കുകയോ ചെയ്താൽ ഉടൻ പ്രിസൈഡിങ് ഓഫീസറെ ബന്ധപ്പെടുക.

# തിരഞ്ഞെടുപ്പ് ബോധവൽക്കരണം : കൈറ്റ് ഫെസ്റ്റിവൽ സംഘടിപ്പിച്ചു




**കൊച്ചി:** തിരഞ്ഞെടുപ്പ് ബോധവൽക്കരണത്തിന്റെ ഭാഗമായി ജില്ലാ ഭരണകൂടം, സ്വീപ് എറണാകുളം എന്നിവ സംയുക്തമായി പുതുവൈപ്പിൻ ബീച്ചിൽ കൈറ്റ് ഫെസ്റ്റിവൽ സംഘടിപ്പിച്ചു.

കളമശ്ശേരി ഗവ. ഐ ടി ഐയിലെ വിദ്യാർത്ഥികളും ബീറ്റിൽ സായാഹ്നം ചെലവഴിക്കാൻ എത്തിയ വിനോദ സഞ്ചാരികളും പട്ടം പറത്തി തിരഞ്ഞെടുപ്പ് ബോധവൽക്കരണ പരിപാടിയിൽ പങ്കെടുത്തത്.

ഓരോ വോട്ടും വിലപ്പെട്ടതാണെന്നും ജനാധിപത്യത്തിൽ ജനങ്ങൾക്കുള്ള ഏറ്റവും വലിയ അവകാശമാണ് അതെന്നും അത് പാഴാക്കരുതെന്നും കൈറ്റ് ഫെസ്റ്റിവലിന് നേതൃത്വം നൽകിക്കൊണ്ട് സ്വീപ് നോഡൽ ഓഫീസർ കൂടിയായ അസിസ്റ്റന്റ് കളക്ടർ പാർവതി ഗോപകുമാർ പറഞ്ഞു.

# തിരഞ്ഞെടുപ്പിൽ പുതുമ: ബാലറ്റ് യൂണിറ്റുകളിൽ ഇനി സ്ഥാനാർത്ഥികളുടെ കളർ ഫോട്ടോയും

**കൊച്ചി:** നാളത്തെ നിയമസഭാ തിരഞ്ഞെടുപ്പിൽ പുതുമയോടെ സ്ഥാനാർത്ഥികളുടെ കളർ ഫോട്ടോയും ഇവിഎം ബാലറ്റ് പേപ്പറിൽ. ഇവിഎം ബാലറ്റ് പേപ്പറുകൾ വായിക്കാൻ സൗകര്യപ്രദമാക്കുന്നതിനായി തിരഞ്ഞെടുപ്പ് കമ്മീഷൻ മാർഗനിർദേശങ്ങളിൽ ഭേദഗതികൾ വരുത്തി സ്ഥാനാർത്ഥികളുടെ കളർ ഫോട്ടോകൾ ആദ്യമായി ഇവിഎമ്മുകളിൽ ഉൾപ്പെടുത്തുന്നു എന്ന പ്രത്യേകതയും ഇത്തവണത്തെ തിരഞ്ഞെടുപ്പിനുണ്ട്.

# എൽ. ഇ. ഡി ഷോ സംഘടിപ്പിച്ചു

**കൊച്ചി:** നിയമസഭ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് സ്വീപ് എറണാകുളവും ചീഫ് ഇലക്ടറൽ ഓഫീസും സംയുക്തമായി ഇടപ്പള്ളി മെട്രോ സ്റ്റേഷനിൽ ഡ്രോൺ എൽ. ഇ.ഡി ഷോ സംഘടിപ്പിച്ചു. ഇലക്ടറൽ ബോധവൽകരണത്തിന്റെ ഭാഗമായി നടത്തിയ പരിപാടിയിൽ അസിസ്റ്റന്റ് കളക്ടർ പാർവതി ഗോപകുമാർ പങ്കെടുത്തു.

# എയർടെല്ലിന് 650 മില്യൺ ഉപഭോക്താക്കൾ

**കൊച്ചി:** ഭാരതി എയർടെല്ലിന്റെ ഉപഭോക്താക്കളുടെ എണ്ണം 650 മില്യൺ കവിഞ്ഞു. ജിഎസ്എംഎ ഇന്റലിജിൻസ് റിപ്പോർട്ട് അനുസരിച്ച് മൊബൈൽ ഉപഭോക്താക്കളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ആഗോളതലത്തിൽ രണ്ടാം സ്ഥാനത്താണ് എയർടെൽ.

650 മില്യൺ ഉപഭോക്താക്കൾ എന്ന ചരിത്രനേട്ടത്തിലൂടെ ഓരോ ദിവസവും ഉപഭോക്താക്കളെ മികച്ച രീതിയിൽ സേവിക്കാനുള്ള തങ്ങളുടെ ഉത്തരവാദിത്തം കൂടുകയാണെന്ന് ഭാരതി എയർടെൽ എക്സിക്യൂട്ടീവ് വൈസ് ചെയർമാൻ ഗോപാൽ വിത്തൽ പറഞ്ഞു. ഇന്ത്യയിലും ആഫ്രിക്കയിലും വ്യാപിച്ചു കിടക്കുന്ന കമ്പനിയുടെ പ്രവർത്തനങ്ങളെ വളരുന്ന ഡിജിറ്റൽ സേവനങ്ങളുടെ എണ്ണവും വർദ്ധിക്കുന്ന അടിസ്ഥാന സൗകര്യ ശേഷികളും പിന്തുണയ്ക്കുന്നു.

# നിയമസഭ തെരഞ്ഞെടുപ്പ്; യാത്രക്കാരിൽ 57% യുവ വോട്ടർമാരെന്ന് റെഡ്ബസ് റിപ്പോർട്ട്

**കൊച്ചി:** സംസ്ഥാന നിയമസഭ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് യാത്ര ചെയ്യുന്നവരിൽ 57 ശതമാനം പേർ യുവജനങ്ങളെന്ന് ആഗോളതലത്തിലെ പ്രമുഖ ഓൺലൈൻ ബസ് ടിക്കറ്റിംഗ് പ്ലാറ്റ്ഫോമായ റെഡ്ബസ് സർവേ വ്യക്തമാക്കുന്നു. കഴിഞ്ഞ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച്, നാട്ടിലേക്കുള്ള യാത്രയിലെ ശക്തമായ വർധനയെ സൂചിപ്പിച്ച് ഏപ്രിൽ 4 മുതൽ ഏപ്രിൽ 9 വരെ ബുക്കിംഗിൽ 17% വർധനയുണ്ടായേക്കുമെന്ന് റെഡ്ബസ് ഡാറ്റ സൂചിപ്പിക്കുന്നു.

സുഖപ്രദമായ യാത്രാ ഓപ്ഷനുകൾ എന്ന നിലയിൽ 71% ബുക്കിംഗുകളും എസി ബസുകളാണെന്നും 57% യാത്രക്കാർ സ്ലീപ്പർ ബസുകൾ തിരഞ്ഞെടുത്തതായും ഡാറ്റ വ്യക്തമാക്കുന്നു. മൊത്തം യാത്രക്കാരിൽ 64% പുരുഷന്മാരാണെന്നും അവരിൽ 53% യുവ വോട്ടർമാരാണെന്നും (1830) കണക്കുകൾ വ്യക്തമാക്കുന്നു. 36% സ്ത്രീ യാത്രക്കാരിൽ 64% യുവ വോട്ടർമാരാണെന്നും (1830 വയസ്സ്) റെഡ്ബസ് സർവേ പറയുന്നു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# പറവൂർ മാർക്കറ്റിൽ പതിവ് സന്ദർശനം നടത്തി പ്രതിപക്ഷ നേതാവ്; കൊട്ടിക്കലാശത്തിൽ ആവേശ വരവേൽപ്പ്

**കൊച്ചി:** കൊട്ടിക്കലാശ ദിനത്തിൽ പറവൂർ മാർക്കറ്റിലെത്തി കച്ചവടക്കാരെ കണ്ട് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. ഒപ്പമുള്ള ആൾ എന്ന നിലയിലാണ് പ്രതിപക്ഷ നേതാവിനെ അവർ വരവേറ്റത്. രാവിലെ ആറരയോടെയാണ് പ്രതിപക്ഷ നേതാവ് മാർക്കറ്റിൽ എത്തിയത്. കായും കുലയും കൈതച്ചക്കയും കച്ചവടക്കാർ പ്രതിപക്ഷ നേതാവിന് സമ്മാനമായി നൽകി. ഓരോ കടകളിലും കയറി വ്യാപാരികളെ നേരിൽ കണ്ടു. സ്ഥിരമായി കയറുന്ന കടയിലെത്തി ചായയും കുടിച്ചാണ് മടങ്ങിയത്. കോൺഗ്രസ് ബ്ലോക്ക് പ്രസിഡ് എം.എസ് റെജി, മണ്ഡലം പ്രസിഡന്റ് ഡെന്നി തോമസ്, പൗലോസ് വടക്കുംചേരി, ബീന ശശിധരൻ , ജോബി പഞ്ഞിക്കാരൻ, ജോസ് മാളിയേക്കൽ എന്നിവർ ഒപ്പമുായിരുന്നു.

തുടർന്ന് വരാപ്പുഴ ശ്രീവരാഹം ക്ഷേത്രവും സന്ദർശിച്ചു. കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് രാജേഷ് ചീങ്കത്ത് അദ്ദേഹത്തിന് ഒപ്പമുണ്ടായിരുന്നു. എൻ.എസ്.എസ് കോട്ടുവള്ളി എൻഎസ്എസ് കൈതാരം കരയോഗങ്ങളുടെ ഓഫീസിൽ എത്തി ഭാരവാഹികളെ നേരിൽ കണ്ടു. തുടർന്ന് വരാപ്പുഴ പറവൂർ മണ്ഡലങ്ങളിലെ വിവിധ സ്ഥാപനങ്ങൾ സന്ദർശിച്ചു.

വൈകുന്നേരം പരസ്യ പ്രചരണ സമാപനത്തിന്റെ ഭാഗമായി നടന്ന കുട്ടിക്കലാശത്തിലും പ്രതിപക്ഷ നേതാവ് പങ്കാളിയായി. കൊട്ടിക്കലാശത്തിന് എത്തിയ പ്രതിപക്ഷ നേതാവിനെ പ്രവർത്തകർ ആവേശത്തോടെ വരവേറ്റു.



# കുന്നത്തുനാട്ടിൽ കലാശക്കൊട്ട് ആവേശമാക്കി എൻഡിഎ; തരംഗമായി ബാബു ദിവാകരൻ



*കുന്നത്തുനാട് നിയോജകമണ്ഡലം ട്വന്റി20–എൻഡിഎ സ്ഥാനാർത്ഥി ബാബു ദിവാകരനും ട്വന്റി20 പാർട്ടി പ്രസിഡന്റ് സാബു എം. ജേക്കബ്ബും കൊട്ടികലാശത്തിൽ ക്രെയിനിൽ കയറി പ്രവർത്തകരെ അഭിവാദ്യം ചെയ്തപ്പോൾ.*

**കുന്നത്തുനാട്:** ആവേശത്തിരയിളക്കി കുന്നത്തുനാട് നിയോജകമണ്ഡലം ട്വന്റി 20– എൻഡിഎ സ്ഥാനാർഥി ബാബു ദിവാകരന്റെ പരസ്യ തിരഞ്ഞെടുപ്പ് പ്രചരണത്തിന്റെ കലാശക്കൊട്ട്. പട്ടിമറ്റത്തും കോലഞ്ചേരിയിലും നടന്ന കലാശക്കൊട്ടിൽ ആട്ടവും പാട്ടുമൊക്കെയായി ആയിരക്കണക്കിന് എൻഡിഎ പ്രവർത്തകർ അണിനിരന്നു. രാവിലെ കുന്നത്തുനാട്ടിലെ പൂതൃക്ക പഞ്ചായത്തില വിവിധയിടങ്ങളിലെ പര്യടനം നടത്തി വോട്ട് തേടിയതിനു ശേഷമാണ സ്ഥാനാർത്ഥി ബാബു ദിവാകരൻ പരസ്യപ്രചരത്തിന്റെ സമാപനത്തിനായി എത്തിയത്. കലാശക്കൊട്ട് കളറാക്കാൻ രാവിലെ മുതൽ തന്നെ പ്രവർത്തകർ പട്ടിമറ്റത്തേയ്ക്കും കോലഞ്ചേരിയിലേക്കും ഒഴുകിയെത്തുകയായിരുന്നു. ക്രെയ്നിൽ കയറി സ്ഥാനാർഥി ബാബു ദിവാകരനും ട്വന്റി 20 പാർട്ടി അധ്യക്ഷൻ സാബു ജേക്കബും പ്രചരണ ഗാനത്തിന്റെ അകമ്പടിയോടെ പാർട്ടി കൊടി വീശി പ്രവർത്തകരെ അഭിവാദ്യം ചെയ്തു. എൻഡിഎ കുന്നത്തുനാട് നിയോജകമണ്ഡലം കൺവീനർ വി എൻ വിജയൻ, ട്വന്റി 20 സ്റ്റേറ്റ് കമ്മിറ്റി അംഗം ബിജോയ് ഫിലിപ്പോസ്, ട്വന്റി 20 കുന്നത്തുനാട് നിയോജകമണ്ഡലം വൈസ് പ്രസിഡന്റ് ദീപക് രാജൻ, ബിജെപി ജില്ല വൈസ് പ്രസിഡന്റ് ഗോപാലകൃഷ്ണൻ, ബിജെപി എറണാകുളം ജില്ല വൈസ് പ്രസിഡന്റുമാരായ മനോജ് മനക്കേക്കര, സി എം മോഹനൻ, ബിജെപി ഈസ്റ്റ് ജില്ല വൈസ് പ്രസിഡന്റ് പ്രസന്ന വാസുദേവൻ, മഹിളാമോർച്ച ജില്ല പ്രസിഡന്റ് അഡ്വ. ശ്രീജ ലാൽജി, കുന്നത്തുനാട് മണ്ഡലം പ്രസിഡന്റ് അഭിലാഷ് കെ എസ്, മണ്ഡലം ജനറൽ സെക്രട്ടറിമാരായ അനു കൊല്ലേത്ത്, സുമേഷ് സോമൻ, സെൽവരാജ്, ഷിജു കിങ്ങിണിമറ്റം, മണ്ഡലം ട്രെഷറർ അജി, ട്വന്റി 20 നിയോജകമണ്ഡലം എക്സിക്യൂട്ടീവ് അംഗം പി പി സനകൻ മറ്റ് പ്രമുഖ നേതാക്കന്മാർ തുടങ്ങിയവർ നേതൃത്വം നൽകി.

# ആവേശത്തിരമാലകളിൽ പി. രാജീവിനൊപ്പം വേടനും

**കളമശേരി:** കടലമ്മ കരഞ്ഞല്ലേ പെറ്റത്, കണ്ണീരുമവളല്ലേ കട്ടത്.... പി. രാജീവിന്റെ കൊട്ടിക്കലാശ വേദിയിൽ വേടൻ പാടിയപ്പോൾ ജനസാഗരം ആർപ്പുവിളികളോടെ നൃത്തം ചവിട്ടി. സമാഗതമായ വിജയത്തിന്റെ സൂചകമായി ചെങ്കൊടി വാനിലുയർത്തി യുവതയുടെ ആഘോഷം. തുറന്ന വാഹനത്തിൽ സ്ഥാനാർഥി പി.രാജീവിനൊപ്പമാണ് വേടനെത്തിയത്. അക്ഷരാർത്ഥത്തിൽ ചുവപ്പിന്റെ മായാപ്രപഞ്ചമൊരുങ്ങിയ കളമശേരിയുടെ ആകാശത്ത് ഡ്രോണുകളിൽ പി.രാജീവിന്റെ തിരഞ്ഞെടുപ്പ് ചിഹ്നമായ ചുറ്റിക അരിവാൾ നക്ഷത്രം ആലേഖനം ചെയ്ത ചെമ്പതാകകൾ. സ്ഥാനാർഥിക്കൊപ്പം വേദിയിൽ സിപിഐ എം സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം എം. സ്വരാജും ജില്ലാ സെക്രട്ടറി എസ് സതീഷും. പി.രാജീവിന്റെ കൈപിടിച്ച് വേടൻ, എല്ലാവരും വോട്ട് ചെയ്യണമെന്നും ഭാവിക്കായി കരുതലോടെ വോട്ട് വിനിയോഗിക്കണം എന്നും വേടൻ പറഞ്ഞപ്പോൾ ആവേശക്കടൽ ഇളകിമറിഞ്ഞു. ജില്ലയിലെ തന്നെ ഏറ്റവും വർണ്ണാഭമായ കൊട്ടിക്കലാശത്തിന് സാക്ഷ്യം വഹിക്കാൻ ആയിരങ്ങൾ മൂന്നുമണി മുതൽ കളമശേരിയിൽ കാത്തു നിന്നിരുന്നു. സ്ഥാനാർഥി പി. രാജീവ് എത്തുന്നതിന് മുമ്പ് നൃത്ത പരിപാടിയും ചവിട്ടു നാടകവും അരങ്ങേറി. പി.രാജീവിന്റെ നേതൃത്വത്തിൽ വികസനക്കുതിപ്പു നടത്തുന്ന കളമശേരിക്ക് യോജിച്ച വിധത്തിലുള്ള ഹൈടെക് കൊട്ടിക്കലാശത്തിന് അങ്ങനെ ആവേശകരമായ സമാപനം.



# ഐ.സി.എൽ ഫിൻകോർപ്പിന്റെ പുതിയ എൻ.സി.ഡി ഇഷ്യു ഏപ്രിൽ 10ന് ആരംഭിക്കുന്നു

**കൊച്ചി:** ഐ.സി.എൽ ഫിൻകോർപ്പിന്റെ ഏറ്റവും പുതിയ സെക്യൂർഡ് റിഡീമബിൾ നോൺ-കൺവെർട്ടിബിൾ ഡിബഞ്ചറുകളുടെ (NCDs) പബ്ലിക് ഇഷ്യു ഏപ്രിൽ 10ന് ആരംഭിക്കുമെന്ന് ഐ.സി.എൽ ഫിൻകോർപ്പ് ചെയർമാനും മാനേജിങ് ഡയറക്ടറുമായ അഡ്വ. കെ.ജി. അനിൽകുമാർ പറഞ്ഞു.




12.25% വരെ യഥാർത്ഥ ആദായം (Effective Yield) വാഗ്ദാനം ചെയ്യുന്ന ഈ എൻ.സി.ഡി ഇഷ്യു ഫ്ളെക്സിബിൾ കാലാവധികൾ തേടുന്നവർക്ക് ആകർഷകവും സുരക്ഷിതവുമായ ഒരു നിക്ഷേപാവസരമാണെന്ന് അഡ്വ. കെ.ജി. അനിൽകുമാർ പറഞ്ഞു. മുൻ എൻ.സി.ഡി ഇഷ്യുകൾക്ക് ലഭിച്ച ഉജ്ജ്വലമായ പ്രതികരണത്തിലും നിക്ഷേപകർ അർപ്പിച്ച വിശ്വാസത്തിലും ഞങ്ങൾ സന്തുഷ്ടരാണ്. ഉപഭോക്താക്കളുടെ മാറുന്ന ആവശ്യങ്ങൾക്കനുസരിച്ച് കൂടുതൽ മെച്ചപ്പെട്ട സാമ്പത്തിക സേവനങ്ങൾ നൽകാനും ഞങ്ങൾക്ക് ഇത് പ്രചോദനമാകുന്നുവെന്നും അഡ്വ. കെ.ജി. അനിൽകുമാർ പറഞ്ഞു.

ACUITÉ BBB/STABLE റേറ്റിംഗ് ലഭിച്ചിട്ടുള്ള ഈ എൻ.സി.ഡി ഇഷ്യു 2026 ഏപ്രിൽ 24 വരെ തുറന്നിരിക്കും. ഓരോ എൻ.സി.ഡി-യുടെയും മുഖവില 1,000 രൂപയാണ്. 13, 24, 36, 60, 72 മാസങ്ങളിലായി പ്രതിമാസ, വാർഷിക, ക്യുമുലേറ്റീവ് പലിശ ഓപ്ഷനുകളുള്ള 10 ഓപ്ഷനുകൾ ഈ ഇഷ്യു വാഗ്ദാനം ചെയ്യുന്നു. പലിശ നിരക്കുകൾ 10.00% മുതൽ 12.25% വരെയാണ്. കുറഞ്ഞ അപേക്ഷാ തുക 10,000 രൂപ ആയതിനാൽ വലിയൊരു വിഭാഗം നിക്ഷേപകർക്ക് ഇത് എളുപ്പത്തിൽ പ്രയോജനപ്പെടുത്താനാകുമെന്നും അഡ്വ. കെ.ജി. അനിൽകുമാർ പറഞ്ഞു. ഈ ഇഷ്യു വഴി സമാഹരിക്കുന്ന തുക ഐ.സി.എൽ ഫിൻകോർപ്പിന്റെ വളർച്ചാ സംരംഭങ്ങളെ പിന്തുണയ്ക്കുന്നതിനും ഇന്ത്യയിലുടനീളമുള്ള ഉപഭോക്താക്കൾക്കും ഓഹരി ഉടമകൾക്കും നൽകുന്ന സേവനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും തന്ത്രപരമായി വിനിയോഗിക്കും. കേരളം, തമിഴ്നാട്, ആന്ധ്രാപ്രദേശ്, തെലങ്കാന, കർണാടക, മഹാരാഷ്ട്ര, ഒഡീഷ, ഗുജറാത്ത്, പശ്ചിമ ബംഗാൾ, ഗോവ, ഡൽഹി, രാജസ്ഥാൻ എന്നിങ്ങനെ 12 സംസ്ഥാനങ്ങളിലേക്ക് ഐസിഎൽ ഫിൻകോർപ്പ് സാന്നിധ്യം വ്യാപിച്ചു കഴിഞ്ഞു. ഇന്ത്യമുഴുവൻ സാന്നിധ്യം ശക്തമാക്കുകയെന്ന ലക്ഷ്യത്തിലേക്ക് അതിവേഗം മുന്നേറുകയാണെന്നും അദ്ദേഹം പറഞ്ഞു.

ഐസിഎൽ ഗ്രൂപ്പിന്റെ കീഴിലുള്ള, ബി.എസ്.ഇ-യിൽ ലിസ്റ്റ് ചെയ്ത എൻ.ബി.എഫ്.സിയായ സേലം ഈറോഡ് ഇൻവെസ്റ്റ്മെന്റ്സ് ധനകാര്യ മേഖലയിലെ തങ്ങളുടെ സാന്നിധ്യം വർദ്ധിപ്പിക്കുകയും സ്ഥാനം കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്യുന്നതിൽ മുഖ്യ പങ്കു വഹിക്കുന്നു.

ഗോൾഡ് ലോണുകൾ, ഹയർ പർച്ചേസ് ലോണുകൾ, ബിസിനസ് ലോണുകൾ എന്നിവ ഉൾപ്പെടെയുള്ള സമഗ്രമായ സേവനങ്ങൾ ഐ.സി.എൽ ഫിൻകോർപ്പ് വാഗ്ദാനം ചെയ്യുന്നു. ട്രാവൽ, ഫാഷൻ, ഡയഗ്നോസ്റ്റിക്സ്, എന്നിങ്ങനെ വിവിധ മേഖലകളിലേക്കും ഐ.സി.എൽ ഗ്രൂപ്പ് അതിന്റെ പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്. പുതിയ എൻ.സി.ഡി ഇഷ്യു അവതരിപ്പിക്കുമ്പോൾ, സാമ്പത്തിക വളർച്ച, സുരക്ഷ, ദീർഘകാല മൂല്യം എന്നിവയിലേക്കുള്ള ഞങ്ങളുടെ യാത്രയുടെ ഭാഗമാകുവാൻ നിക്ഷേപകരെ ക്ഷണിക്കുകയാണെന്നും അഡ്വ. കെ.ജി. അനിൽകുമാർ പറഞ്ഞു.

ഉമാ ദേവി അനിൽകുമാറാണ് ഐസിഎൽ ഫിൻകോർപ്പിന്റെ സി.ഇ.ഒ. www.iclfincorp.com എന്ന വെബ് സൈറ്റിൽ നിന്നും ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് +91 85890 20137, +91 85890 20186 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

# സംസ്കൃത സർവ്വകലാശാലയിൽ ദേശീയ ശാസ്ത്രാർത്ഥസഭ സംഘടിപ്പിച്ചു




*ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ സംസ്കൃതം വ്യാകരണ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച മേൽപ്പുത്തൂർ നാരായണഭട്ടപാദ സ്മാരക ദ്വിദിന ദേശീയ ശാസ്ത്രാർത്ഥസഭ കാലടി മുഖ്യകാമ്പസിൽ വൈസ് ചാൻസലർ പ്രൊഫ. സിസ തോമസ് ഉദ്ഘാടനം ചെയ്യുന്നു.*

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ സംസ്കൃതം വ്യാകരണ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച മേൽപ്പുത്തൂർ നാരായണഭട്ടപാദ സ്മാരക ദ്വിദിന ദേശീയ ശാസ്ത്രാർത്ഥസഭ വൈസ് ചാൻസലർ പ്രൊഫ. സിസ തോമസ് ഉദ്ഘാടനം ചെയ്തു. കാലടി മുഖ്യകാമ്പസിൽ നടന്ന ചടങ്ങിൽ ഡോ. ആർ. ഡി. സുനിൽകുമാർ അധ്യക്ഷനായിരുന്നു. പ്രൊഫ. മീനാമ്പാൾ നാരായണന്റെ സർവ്വകലാശാല പ്രസിദ്ധീകരിച്ച 'ഗളിതകുസുമം' എന്ന പുസ്തകത്തിന്റെ പ്രകാശനം വൈസ് ചാൻസലർ പ്രൊഫ. സിസ തോമസ് നിർവ്വഹിച്ചു. പ്രൊഫ. കെ. മുത്തുലക്ഷ്മി പുസ്തകം ഏറ്റുവാങ്ങി. പ്രൊഫ. കൃഷ്ണകുമാർ, പ്രൊഫ. മീനാമ്പാൾ നാരായണൻ, പ്രൊഫ. കെ. മുത്തുലക്ഷ്മി എന്നിവരെ പൊന്നാടയണിയിച്ച് ആദരിച്ചു.

പ്രൊഫ. കെ. മുത്തുലക്ഷ്മി മേൽപ്പുത്തൂർ അനുസ്മരണ പ്രഭാഷണം നടത്തി. പ്രൊഫ. മീനാമ്പാൾ നാരായണൻ, ഡോ. കെ. സി. രേണുക, ഡോ. ആതിര ജാതവേദൻ, ഡോ. രതി ടി. എസ്. എന്നിവർ പ്രസംഗിച്ചു. തുടർന്ന് നടന്ന ശാസ്ത്രാർത്ഥ സദസിന് പ്രൊഫ. കൃഷ്ണകുമാർ നേതൃത്വം നൽകി.

## സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാർലമെന്ററി സ്റ്റഡീസ് എഴുത്തുപരീക്ഷ മെയ് 3ന്

**തിരുവനന്തപുരം:** കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ ആൻഡ് പാർലമെന്ററി സ്റ്റഡി സെന്റർ (പാർലമെന്ററി സ്റ്റഡീസ്) ന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാർലമെന്ററി സ്റ്റഡീസ് ആദ്യ ബാച്ചിന്റെ എഴുത്തുപരീക്ഷ മെയ് 3-ന് തിരുവനന്തപുരം കേന്ദ്രമായി നടത്തും.

പരീക്ഷയ്ക്കുള്ള അപേക്ഷ K-LAMPS e-portal മുഖേന ഫീസ് വിശദാംശത്തോടൊപ്പം സമർപ്പിക്കണം.

അപേക്ഷ ഏപ്രിൽ 16 വരെ പിഴയില്ലാതെയും ഏപ്രിൽ 20 വരെ പിഴയോടുകൂടിയും പരീക്ഷാഫീസ് അടച്ച് സമർപ്പിക്കാം. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പഠിതാക്കളെ പരീക്ഷാഫീസ് അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് : www.niyamasabha.org .

## കിറ്റ്സിൽ എം.ബി.എ അഭിമുഖം

**തിരുവനന്തപുരം:** കിറ്റ്സിൽ എം.ബി.എ (ട്രാവൽ ആന്റ് ടൂറിസം) 2026-28 ബാച്ചിലേക്കുള്ള അഭിമുഖം ഈമാസം 18ന് രാവിലെ 10.30ന് തൈക്കാട് കിറ്റ്സ് ക്യാംപസിൽ നടക്കും. 50 ശതമാനം മാർക്കിൽ കുറയാതെയുള്ള ബിരുദാമാണ് അടിസ്ഥാന യോഗ്യത. അവസാന വർഷ ബിരുദ വിദ്യാർഥികൾക്കും കെ-മാറ്റ്/ സി-മാറ്റ്/ ക്യാറ്റ് പ്രവേശന പരീക്ഷ സ്കോർ കാർഡ് ഉള്ളവർക്കും തയ്യാറെടുക്കുന്നവർക്കും അഭിമുഖത്തിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക്: www.kittsedu.org, 9645176828, 9446529467.

## പ്രിന്റിംഗ് ടെക്നോളജി കോഴ്സുകൾ

**തിരുവനന്തപുരം:** സാങ്കേതിക വിദ്യാഭ്യാസ വകുപ്പും കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് & ട്രെയിനിംഗും സംയുക്തമായി ആരംഭിക്കുന്ന ഒരു വർഷ കെ.ജി.റ്റി.ഇ പ്രീ- പ്രസ്സ് ഓപ്പറേഷൻ/ കെ.ജി.റ്റി.ഇ പ്രസ്സ് വർക്ക്/ കെ.ജി.റ്റി.ഇ പോസ്റ്റ്- പ്രസ്സ് ഓപ്പറേഷൻ ആന്റ് ഫിനിഷിംഗ് കോഴ്സുകളിലേക്ക് അപേക്ഷിക്കുന്നതിനുള്ള തീയതി മെയ് 5 വരെ ദീർഘിപ്പിച്ചു. അപേക്ഷകർ എസ്.എസ്.എൽ.സി അഥവാ തത്തുല്യ യോഗ്യതയോ പാസായിരിക്കണം. പട്ടികജാതി/ പട്ടികവർഗ/ മറ്റർഹ വിഭാഗക്കാർക്ക് നിയമാനുസൃത ഫീസ് ആനുകൂല്യം ലഭിക്കും. ഒ.ബി.സി/ എസ്.ഇ.ബി.സി/ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് വരുമാന പരിധിക്ക് വിധേയമായി ഫീസ് ആനുകൂല്യം ലഭിക്കും.തിരുവനന്തപുരം- (0471 2474720, 2467728), എറണാകുളം (0484 2605322), കോഴിക്കോട് (0495 2356591, 2723666) എന്നീ കേന്ദ്രങ്ങളിലാണ് കോഴ്സ് നടത്തുന്നത്. അപേക്ഷാ ഫോറം 100 രൂപയ്ക്ക് അതാത് സെന്ററിൽ നിന്നും നേരിട്ടും 135 രൂപ മണി ഓർഡറായി മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് & ട്രെയിനിംഗ്, ട്രെയിനിംഗ് ഡിവിഷൻ, സിറ്റി സെന്റർ, പുന്നപുരം പടിഞ്ഞാറേകോട്ട, തിരുവനന്തപുരം- 24 എന്ന വിലാസത്തിൽ തപാലിലും/ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് അപേക്ഷ മാനേജിംഗ് ഡയറക്ടർ, സി- ആപ്റ്റിന്റെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന 100 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക്: 0471 2474720, 0471 2467728. വെബ്സൈറ്റ്: www.captkerala.com.

## അവധിക്കാല കംപ്യൂട്ടർ കോഴ്സുകൾ

**തിരുവനന്തപുരം:** കെൽട്രോണിൽ അവധിക്കാല കംപ്യൂട്ടർ കോഴ്സുകൾക്ക് അപേക്ഷിക്കാം. കെൽട്രോണിന്റെ കുറിപ്പുറം നോളജ് സെന്ററിൽ ഇന്ന് ആരംഭിക്കുന്ന അവധിക്കാല കംപ്യൂട്ടർ കോഴ്സുകളായ ബിഗിനേഴ്സ് കോഴ്സ് ഇൻ മൾട്ടിമീഡിയ ആന്റ് അനിമേഷൻ, ജൂനിയർ വെബ് ഡിസൈനർ, കാർട്ടൂൺ സ്പെഷ്യലിസ്റ്റ്, എഡിറ്റിംഗ്, കംപ്യൂട്ടർ ഹാർഡ്വെയർ ആൻഡ് നെറ്റ്വർക്ക് മെയ്ന്റനൻസ്, പൈത്തൺ തുടങ്ങിയ വിവിധ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. മൂന്നാം ക്ലാസ് യോഗ്യത മുതലുള്ളവർക്ക് അപേക്ഷിക്കാം. വിലാസം: ഹെഡ് ഓഫ് സെന്റർ, കെൽട്രോൺ നോളജ് സെന്റർ, കെൽട്രോൺ ടൂൾ റൂം കം ട്രെയിനിങ് സെന്റർ, തൃക്കണ്ണാപുരം, കുറ്റിപ്പുറം. ഫോൺ- 8590605276, 0494 2697288.

# കേരളത്തിലെ ക്ഷേത്രങ്ങൾ സന്ദർശിച്ച് അനന്ത് അംബാനി; 6 കോടി രൂപ സംഭാവന നൽകി; ക്ഷേത്ര നവീകരണത്തിന് 12 കോടി വാഗ്ദാനം



**കൊച്ചി / മുംബൈ:** റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായ അനന്ത് അംബാനി കേരളത്തിലെ ക്ഷേത്രങ്ങളായ തളിപ്പറമ്പ് രാജരാജേശ്വര ക്ഷേത്രവും ഗുരുവായൂർ ക്ഷേത്രവും സന്ദർശിച്ചു. രണ്ട് ക്ഷേത്രങ്ങൾക്കും മൂന്നു കോടി വീതം സംഭാവന നൽകുകയും, രാജരാജേശ്വര ക്ഷേത്രത്തിന്റെ സമഗ്ര നവീകരണത്തിനായി 12 കോടി വാഗ്ദാനം ചെയ്യുകയും ചെയ്തു. ഇതിൽ ചരിത്രപ്രാധാന്യമുള്ള കിഴക്കൻ ഗോപുരത്തിന്റെ പുനരുദ്ധാരണവും ഉൾപ്പെടുന്നു. കൂടാതെ, ഗുരുവായൂരിലെ ആനക്ഷേമ പ്രവർത്തനങ്ങൾക്കായി അധിക പിന്തുണയും അദ്ദേഹം പ്രഖ്യാപിച്ചു. തളിപ്പറമ്പിലെ ചരിത്രപ്രാധാന്യമുള്ള രാജരാജേശ്വര ക്ഷേത്രത്തിൽ എത്തിയ അനന്ത് അംബാനി, പൊന്നുംകുടം, പട്ടം, താലി, നെയ്യമൃത് തുടങ്ങിയ പരമ്പരാഗത വഴിപാടുകൾ സമർപ്പിക്കുകയും അശ്വമേധ നമസ്കാരം നിർവഹിക്കുകയും ചെയ്തു.

ക്ഷേത്ര നവീകരണത്തിനായി മൂന്നു കോടി രൂപയുടെ ചെക്കും അദ്ദേഹം കൈമാറി. 12 കോടിയുടെ സമഗ്ര നവീകരണത്തിന്റെ ഭാഗമായി, ക്ഷേത്രത്തിന്റെ യത്ര തന്നെ പുരാതനമെന്നു കരുതപ്പെടുന്ന, ശിൽപ്പശൈലിയും പുരാവസ്തു പ്രാധാന്യവും നിറഞ്ഞ കിഴക്കൻ ഗോപുരത്തിന്റെ പുനരുദ്ധാരണത്തിനും അദ്ദേഹം പിന്തുണ പ്രഖ്യാപിച്ചു.

ഭക്തർക്കുള്ള സമഗ്ര അനുഭവം മെച്ചപ്പെടുത്തുന്നതിനായി ഈ തുകയിൽ നിന്ന് ഒരു ഭാഗം പാർക്കിംഗ് സൗകര്യങ്ങളും മറ്റു അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനും വിനിയോഗിക്കും. അനന്ത് അംബാനിയോടൊപ്പം അടുത്ത സഹപ്രവർത്തകരും ഉണ്ടായിരുന്നു. ക്ഷേത്ര അധികാരികൾ അദ്ദേഹത്തെ പരമ്പരാഗത ബഹുമതികളോടെ സ്വീകരിച്ചു. ടി.ടി.കെ ദേവസ്വം പ്രസിഡന്റ് ടി. പി. വിനോദ് കുമാർ, എക്സിക്യൂട്ടീവ് ഓഫീസർ കെ. പി. വിനയൻ, മുഖ്യ തന്ത്രി ഇ. പി. കുബേരൻ നമ്പൂതിരി, ദേവസ്വം ബോർഡ് അംഗങ്ങൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. തുടർന്ന് അനന്ത് അംബാനി ഗുരുവായൂർ ക്ഷേത്രം സന്ദർശിച്ച് ഗുരുവായൂരപ്പന് പ്രാർത്ഥനകൾ അർപ്പിക്കുകയും ക്ഷേത്ര ട്രസ്റ്റിന് മൂന്ന് കോടി സംഭാവനയായി നൽകുകയും ചെയ്തു.

വൻതാര മുഖേന മൃഗ സംരക്ഷണത്തിലും പരിപാലനത്തിലും ഉള്ള തന്റെ ദീർഘകാല പ്രതിബദ്ധതയുടെ ഭാഗമായി, ഗുരുവായൂരിലെ ക്ഷേത്ര ആനകളുടെ ക്ഷേമത്തിനായി വിവിധ പദ്ധതികൾക്കും അദ്ദേഹം പിന്തുണ പ്രഖ്യാപിച്ചു. ഇതിൽ പ്രത്യേക ആനയാശുപത്രി നിർമ്മാണം, ചങ്ങലകളില്ലാത്ത അഭയകേന്ദ്രം, കൂടാതെ ആനകൾക്ക് മാനുഷികവും മാന്യതയുള്ളതുമായ ശാസ്ത്രീയ പരിപാലനം ഉറപ്പാക്കുന്ന ആധുനിക സൗകര്യങ്ങൾ വികസിപ്പിക്കൽ എന്നിവ ഉൾപ്പെടുന്നു. ഗുരുവായൂരിൽ, ദേവസ്വം ചെയർമാൻ എ. വി. ഗോപിനാഥ് ഉൾപ്പെടെയുള്ള ക്ഷേത്ര അധികാരികൾ അദ്ദേഹത്തെ സ്വീകരിച്ചു. പരമ്പരാഗത സ്മരണികകളും പ്രസാദവും നൽകി ആദരിച്ചു.

ദേവസ്വം വകുപ്പിന്റെയും ജീവധന വിഭാഗത്തിലെയും മുതിർന്ന ഉദ്യോഗസ്ഥർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

## സ്പോർട്സ് അക്കാദമി സെലക്ഷൻ

**തിരുവനന്തപുരം:** കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ ജില്ലകളിലായി പ്രവർത്തിക്കുന്ന കോളേജ് സ്പോർട്സ് അക്കാദമികളിലേക്ക് 2026-27 അദ്ധ്യയന വർഷത്തിൽ കായിക താരങ്ങളെ തിരഞ്ഞെടുക്കുന്നതിന് സോണൽ സെലക്ഷൻ നടത്തുന്നു. അത്‌ലറ്റിക്സ്, ആർച്ചറി, ബാസ്ക്കറ്റ്ബോൾ, ബോക്സിംഗ്, കനോയിംഗ് കയാക്കിംഗ്, സൈക്ലിംഗ്, ഫെൻസിംഗ്, ഫുട്ബോൾ, ഹാൻഡ്ബോൾ, ഹോക്കി, ജൂഡോ, കബഡി, ഖൊ-ഖൊ, നെറ്റ്ബോൾ, റോവിംഗ്, സോഫ്റ്റ്ബോൾ, സ്വിമ്മിംഗ്, തയ്ക്വാടോ, വോളിബോൾ, വെയ്റ്റ് ലിഫ്റ്റിംഗ്, റെസ്ലിംഗ് എന്നീ കായിക ഇനങ്ങളിലാണ് പുരുഷ, വനിതാ കായിക താരങ്ങൾക്കായി ഡിഗ്രി ഒന്നാം വർഷ ക്ലാസ്സുകളിലേക്ക് സെലക്ഷൻ സംഘടിപ്പിക്കുന്നത്. അതത് കായിക ഇനത്തിൽ സംസ്ഥാന ചാമ്പ്യൻഷിപ്പുകളിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനം ലഭിച്ചവർക്ക് സെലക്ഷനിൽ പങ്കെടുക്കാം.

ഏപ്രിൽ 17 ന് കണ്ണൂർ തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയത്തിലും 18 ന് കോഴിക്കോട് ഈസ്റ്റ് ഹിൽ ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജിലും 20ന് തൃശൂർ തോപ്പ് സ്റ്റേഡിയത്തിലും 21ന് കോട്ടയം കാഞ്ഞിരപ്പിള്ളി സെന്റ് ഡൊമനിക് കോളേജിലും 23ന് തിരുവനന്തപുരം പാളയം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലും 27ന് കലവൂർ ഗോപിനാഥ് സ്റ്റേഡിയത്തിലും (കനോയിംഗ് കയാക്കിംഗ്, റോവിംഗ്) സെലക്ഷൻ നടക്കും.

സെലക്ഷനിൽ പങ്കെടുക്കാൻ താല്പര്യമുളളവർ സ്പോർട്സിൽ പ്രാവിണ്യം തെളിയിച്ച സർട്ടിഫിക്കറ്റ്, ആധാർകാർഡ്, 2 പാസ്സ്പോർട്ട് സൈസ് ഫോട്ടോ, സ്പോർട്സ് കിറ്റ് എന്നിവയുമായി സെലക്ഷൻ വേദിയിൽ രാവിലെ 8 ന് ഹാജരാകണമെന്ന് അറിയിച്ചു.

## സൗത്ത് ഇന്ത്യൻ ബാങ്കിന്റെ എസ്.ഐ.ബി മിറർ പ്ലസ് വഴി വീടുകളിലേക്ക് വിഷുക്കൈനീട്ടം

SOUTH INDIAN Bank
EXPERIENCE NEXT-GEN BANKING

**കൊച്ചി:** വിഷുക്കൈനീട്ടത്തിനായി പ്രത്യേക സംവിധാനമൊരുക്കി കേരളത്തിലെ മുൻനിര സ്വകാര്യ ബാങ്കുകളിലൊന്നായ സൗത്ത് ഇന്ത്യൻ ബാങ്ക്. ആഘോഷവേളകളിലെ വിനിമയം സുഗമമാക്കാൻ ലോകത്തെവിടെ നിന്നും മുൻകൂട്ടി ഷെഡ്യൂൾ ചെയ്യാനടക്കമുള്ള സംവിധാനമാണ് എസ്.ഐ.ബി മിറർ പ്ലസ് ആപ്പിൽ ഒരുക്കിയിരിക്കുന്നത്. ഈ സൗകര്യം വഴി വിഷുവിന്റെ അന്ന് രാവിലെ തന്നെ കൈനീട്ടം നൽകാൻ ഉപഭോക്താക്കൾക്ക് കഴിയും. സൗത്ത് ഇന്ത്യൻബാങ്ക് അക്കൗണ്ടുകളിലേക്കും മറ്റ് അക്കൗണ്ടുകളിലേക്കും വിഷുക്കൈനീട്ടം അയക്കാൻ ഈ സംവിധാനം വഴി സാധിക്കുമെന്ന് ബാങ്ക് അധികൃതർ വ്യക്തമാക്കി. ആഘോഷവേളയിലെ ആനന്ദം ദൂരത്തെ മറികടക്കുമെന്നതാണ് ഈ സംവിധാനം വഴി ലക്ഷ്യമിടുന്നത്. ഒൻപത് പതിറ്റാണ്ടിലേറെ പരിചയസമ്പത്തുള്ള സൗത്ത് ഇന്ത്യൻ ബാങ്ക് ലളിതവും അർത്ഥവത്തായതുമായ ബാങ്കിങ് സൊല്യൂഷൻസ് നൽകുന്നതിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. കാലത്തിനനുസരിച്ച് പാരമ്പര്യ ശീലങ്ങൾ മെച്ചപ്പെടുത്താനാണ് ബാങ്ക് പരിശ്രമിക്കുന്നത്. ഇത്തരം മാറ്റങ്ങൾ പ്രിയപ്പെട്ട ബന്ധങ്ങൾക്ക് ദൂരം പ്രശ്നമാകില്ലെന്ന് ഉറപ്പാക്കുന്നതോടൊപ്പം മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യുകയും ചെയ്യുന്നു.

ഉപഭോക്താക്കൾക്ക് എസ്.ഐ.ബി മിറർ പ്ലസ് ആപ്പിൽ ലോഗിൻ ചെയ്ത് 'വിഷു കൈനീട്ടം' എന്ന വിഭാഗത്തിൽ സ്വീകർത്താവിന്റെ വിശദാംശങ്ങൾ നൽകിയ ശേഷം ഇടപാട് ഉറപ്പാക്കി എം പിൻ (MPIN) നൽകി ഈ സവിശേഷത ഉപയോഗിക്കാം.

ഏപ്രിൽ 14ന് വൈകിട്ട് വരെ ഈ സൗകര്യം ലഭ്യമാകും. എസ്.ഐ.ബി ഉപഭോക്താക്കളല്ലാത്തവർക്കും ഓൺലൈനായി ഒരു സേവിങ്സ് അക്കൗണ്ട് ആരംഭിച്ച് എസ്.ഐ.ബി മിറർ പ്ലസ് ആപ്പ് ഉപയോഗിച്ച് ഈ സവിശേഷത വിനിയോഗിക്കാമെന്നും ബാങ്ക് അധികൃതർ വ്യക്തമാക്കി.

## ഐസർ ആപ്റ്റിറ്റിയൂഡ് ടെസ്റ്റ് 2026: ഓൺലൈൻ രജിസ്ട്രേഷൻ ഏപ്രിൽ 13 വരെ

**തിരുവനന്തപുരം:** ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആൻഡ് റിസർച്ച് (ഐസർ) കേന്ദ്രങ്ങളിലേക്ക് പ്രവേശനത്തിനുള്ള ഐസർ ആപ്റ്റിറ്റിയൂഡ് ടെസ്റ്റ് (ഐഎടി) 2026 പരീക്ഷയ്ക്ക് ഓൺലൈനായി രജിസ്റ്റർ ചെയ്യാനുള്ള അവസാന തീയതി ഈമാസം 13. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾക്ക് https://www.iiseradmission.in/ എന്ന വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യാം. തിരുവനന്തപുരം, ബെർഹാംപൂർ, ഭോപ്പാൽ, കൊൽക്കത്ത, മൊഹാലി, പൂനെ, തിരുപ്പതി എന്നീ ഐസർ സ്ഥാപനങ്ങളിലെ ബിഎസ്-എംഎസ് (ഡ്യുവൽ ഡിഗ്രി), നാല് വർഷത്തെ ബിഎസ് ഡിഗ്രി പ്രോഗ്രാമുകളിലേക്ക് പ്രവേശനം ആഗ്രഹിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ഔദ്യോഗിക വെബ്സൈറ്റ് സന്ദർശിച്ച് ഈ അവസരം ഉപയോഗപെടുത്താവുന്നതാണ്. ഇന്ത്യയിലുടനീളമുള്ള ഒന്നിലധികം കേന്ദ്രങ്ങളിൽ കമ്പ്യൂട്ടർ അധിഷ്ഠിത പരീക്ഷയായി നടത്തും. ബയോളജി, കെമിസ്ട്രി, മാത്തമാറ്റിക്സ്, ഫിസിക്സ് എന്നീ ഓരോ വിഷയത്തിനും 15 ചോദ്യങ്ങൾ വീതമുള്ള 60 ചോദ്യങ്ങൾ ഈ സമഗ്ര പരീക്ഷയിൽ ഉൾപ്പെടും. പരീക്ഷ എഴുതുന്നവർക്ക് പരീക്ഷ പൂർത്തിയാക്കാൻ ആകെ 180 മിനിറ്റ് ലഭിക്കും. എല്ലാ ചോദ്യങ്ങളും മൾട്ടിപ്പിൾ ചോയ്സ് തരത്തിലുള്ളതായിരിക്കും. ഓരോ ശരിയുത്തരത്തിനും 4 മാർക്ക് ലഭിക്കും. തെറ്റായ ഉത്തരത്തിന് 1 മാർക്ക് കുറയും. പരമാവധി മാർക്ക് 240 ആയിരിക്കും. ഐഎടി 2026 പ്രവേശന പ്രക്രിയയിൽ ഉദ്യോഗാർത്ഥികളെ സഹായിക്കുന്നതിനായി ഹെൽപ്പ്ഡെസ്ക് (ഫോൺ: +91 7205457461 (പ്രവൃത്തി ദിവസങ്ങളിൽ ഉച്ചയ്ക്ക് 2 മുതൽ 5 വരെ).

# ചേതക് സ്ക്രീൻ അവാർഡ്സ് 2026:

# 14 പുരസ്കാരങ്ങളുമായി 'ധുരന്ധർ'; മികച്ച ചിത്രം 'ഹോംബൗണ്ട്'

**കൊച്ചി:** ഹിന്ദി സിനിമയുടെയും ഒടിടി ലോകത്തെയും മികവിനെ ആദരിച്ചുകൊണ്ടുള്ള 'ചേതക് സ്ക്രീൻ അവാർഡ്സ് 2026' സമ്മാനിച്ചു. വിശ്വാസ്യതയും സുതാര്യമായ തിരഞ്ഞെടുപ്പ് രീതിയും കൊണ്ട് ശ്രദ്ധേയമായ അവാർഡ്ദാന ചടങ്ങിൽ 2025-ലെ മികച്ച പ്രകടനം കാഴ്ചവെച്ച താരങ്ങളെയും അണിയറ പ്രവർത്തകരെയും ആദരിച്ചു. നീരജ് ഘയ്വാൻ സംവിധാനം ചെയ്ത 'ഹോംബൗണ്ട്' ആണ് മികച്ച ചിത്രമായി തിരഞ്ഞെടുക്കപ്പെട്ടത്.

മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസും വ്യവസായ പ്രമുഖ നിത അംബാനിയും ചേർന്നാണ് ചിത്രത്തിൻറെ അണിയറ പ്രവർത്തകർക്ക് പുരസ്കാരം നൽകിയത്. അതേസമയം ആദിത്യ ധർ സംവിധാനം ചെയ്ത 'ധുരന്ധർ' ആകെ 14 പുരസ്കാരങ്ങൾ നേടി.രൺവീർ സിംഗ് (ചിത്രം: ധുരന്ധർ) മികച്ച നടൻ, യാമി ഗൗതം (ചിത്രം: ഹഖ്) മികച്ച നടി, ആദിത്യ ധർ (ചിത്രം: ധുരന്ധർ) മികച്ച സംവിധായകൻ ആയി തെരഞ്ഞെടുക്കപ്പെട്ടു. ലൈഫ് ടൈം അച്ചീവ്മെൻറ് അവാർഡിനായി ബോളിവുഡ് ഇതിഹാസം ധർമ്മേന്ദ്ര തെരഞ്ഞെടുക്കപ്പെട്ടു. ധർമ്മേന്ദ്രയ്ക്ക് വേണ്ടിയുള്ള ലൈഫ് ടൈം അച്ചീവ്മെൻറ് അവാർഡ് മകൻ ബോബി ഡിയോൾ ഏറ്റുവാങ്ങി. ജാവേദ് അക്തർ, രമേഷ് സിപ്പി എന്നിവർ ചേർന്ന് പുരസ്കാരം സമ്മാനിച്ചു.



പിതാവ് തന്റെ സിനിമകളിലൂടെയും ഇൻസ്റ്റാഗ്രാം റീലുകളിലൂടെയും ജനഹൃദയങ്ങൾ കീഴടക്കിയിരുന്നു. സന്തോഷം പടർത്താനാണ് അദ്ദേഹം എപ്പോഴും ആഗ്രഹിച്ചതെന്ന് ബോബി ഡിയോൾ പറഞ്ഞു. സിനിമയുടെ മാറുന്ന കാലത്തിനനുസരിച്ച് ഇത്തവണ അഞ്ച് പുതിയ ഒടിടി വിഭാഗം പുരസ്കാരങ്ങളും ഏർപ്പെടുത്തിയിരുന്നു. സ്റ്റോളൻ മികച്ച ഒടിടി ചിത്രം, സന്യ മൽഹോത്ര (ചിത്രം: മിസിസ്) മികച്ച നടി (ഒടിടി), അഭിഷേക് ബാനർജി (ചിത്രം: സ്റ്റോളൻ) മികച്ച നടൻ (ഒടിടി), കരൺ തേജ്പാൽ (ചിത്രം: സ്റ്റോളൻ) മികച്ച സംവിധായകൻ (ഒടിടി) ആയി തെരഞ്ഞെടുക്കപ്പെട്ടു. ബോളിവുഡ് താരം ആലിയ ഭട്ട്, സുനിൽ ഗ്രോവർ, സാക്കിർ ഖാൻ, സൗരഭ് ദ്വിവേദി എന്നിവരായിരുന്നു ചടങ്ങിന്റെ അവതാരകർ. 2025-ൽ വിടപറഞ്ഞ ചലച്ചിത്ര പ്രതിഭകൾക്ക് 'ഇൻ മെമ്മോറിയം' വിഭാഗത്തിലൂടെ ആദരമർപ്പിച്ചു.

# ഹയർ ഇന്ത്യ എഐ–അറ്റ്മോക്സ് സാങ്കേതിക വിദ്യയോടെ ഡെസേർട്ട് റോസ് എസി പുറത്തിറക്കി

**കോഴിക്കോട്:** ആഗോളതലത്തിലെ പ്രമുഖ ഗൃഹോപകരണ ബ്രാൻഡായ ഹയർ അപ്ലയൻസസ് ഇന്ത്യ എഐ-അറ്റ്മോക്സ് സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ഡെസേർട്ട് റോസ് സൂപ്പർ ഹെവി ഡ്യൂട്ടി എയർ കണ്ടീഷണറുകൾ പുറത്തിറക്കി. പ്രീമിയം ശ്രേണിയിലുള്ള ഉൽപ്പന്നം എഐ ഹ്യൂമൻ ഡിറ്റക്ഷൻ ഉപയോഗിച്ച് സെൻസറുകൾ മുഖേന ആളുകളുടെ സാന്നിധ്യം കണ്ടെത്തി ഓട്ടോമാറ്റിക്കായി എനർജി സേവിംഗ് മോഡിലേക്ക് മാറുകയും വൈദ്യുതി ലാഭിക്കുകയും ചെയ്യുന്നതായി കമ്പനി അറിയിച്ചു.




എഐ-അറ്റ്മോക്സ് ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഡെസേർട്ട് റോസ് എയർ കണ്ടീഷണർ എഐ-അറ്റ്മോക്സ് ന്യൂറോ, എഐ-അറ്റ്മോക്സ് ഓട്ടോ ക്ലീൻ, എഐ-അറ്റ്മോക്സ് പവർ മാനേജർ എന്നീ മൂന്ന് അടിസ്ഥാന തത്വങ്ങളിലാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. റിയൽ-ടൈം പ്രകടന മെച്ചപ്പെടുത്തലിനായി ഡൈനാമിക് എൻവയോൺമെന്റൽ അഡാപ്റ്റേഷൻ, ശരിയായ വായു പ്രവാഹത്തിനായി എഐ ടാർഗറ്റ് കൂളിംഗ്, എഐ പ്രീകൂളിംഗ് എന്നിവയുൾപ്പെടെ നിരവധി ഫീച്ചറുകൾ ഇതിൽ ലഭ്യമാണ്.

ഡെസേർട്ട് റോസ് എയർ കണ്ടീഷണറുകൾ പുറത്തിറക്കുക വഴി ഇന്ത്യൻ ഉപഭോക്താക്കളുടെ മാറിവരുന്ന ആവശ്യങ്ങൾ നിറവേറ്റുന്ന ഹയറിന്റെ പ്രതിബദ്ധത കൂടുതൽ ശക്തിപ്പെടുത്തുന്നതായി ഹയർ അപ്ലയൻസസ് ഇന്ത്യ സിഇഒ എൻ. എസ്. സതീഷ് പറഞ്ഞു. പ്രകടനം, കാര്യക്ഷമത, വിശ്വസനീയത എന്നിവ ഒരുമിക്കുന്നതാണ് പുതിയ ഉൽപ്പന്നമെന്നും അദ്ദേഹം പറഞ്ഞു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com